(Pages : 4) **M – 4352**

Reg. No. : ..............................

Name : ..................................

# First Semester B.A./B.Sc./B.Com. Degree Examination, February 2022

## First Degree Programme under CBCSS

## Double Main Programme

## Language Course 2 (Additional Language I) — Malayalam

## ML 1111.4 : ഗദ്യസാഹിത്യം

## (2020 Admission)

Time : 3 Hours Max. Marks : 80

I. ഒറ്റ വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. വളർത്തുനായയെ കേന്ദ്രീകരിച്ച് ടി. പത്മനാഭൻ എഴുതിയ കഥയേത്?

2. കുമാരനാശാനെക്കുറിച്ച് എം.കെ. സാനു എഴുതിയ ജീവചരിത്രം ഏത്?

3. മലയാളത്തിലെ ആദ്യ അപസർപ്പക നോവലേത്?

4. താഴെ പറയുന്നതിൽ ശരിയായ പദം തെരഞ്ഞെടുക്കുക

   (a) യാദൃശ്ചികം (b) യാദൃച്ഛികം (c) യാദൃഛികം (d) യാദൃശ്ഛികം

5. ഭാരതീയ ഭാഷകളിൽ എഴുതപ്പെട്ട ആദ്യത്തെ യാത്രാവിവരണകൃതിയേത്?

6. 'യുവജനഹൃദയം സ്വതന്ത്രമാ-

   ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ' - ഏത് കവിതയിലെ വരികൾ?

7. 'ഉണ്ണി' എന്ന കഥയുടെ രചയിതാവ് ആര്?

8. താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക

   ഇരുവിഭാഗവും കൊണ്ടുപിടിച്ച തിരഞ്ഞെടുപ്പു പ്രചരണത്തിൽ ഏർപ്പെട്ടു കഴിഞ്ഞു.

St. Xaviers College Library

P.T.O.

9. ശിഥിലമായ ചിന്തകൾ കോർത്തിണക്കി പുത്തേഴത്ത് രാമൻ മേനോൻ രചിച്ച ഉപന്യാസമേത്?

10. 'പെരുങ്കളിയാട്ടം' എന്ന നോവൽ എഴുതിയതാര്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ഏതു ഭാഷക്കാരനും ഏതു ചൊവ്വാഗ്രഹവാസിക്കും ആശയം മനസ്സിലാകും. അത്ര സർവ്വവിദിതമായ ഭാഷ' - സന്ദർഭം വിവരിക്കുക.

12. കവിതയുടെ നേർക്ക് ആളുകൾ കാണിക്കുന്ന സ്നേഹത്തെപ്പറ്റി ചങ്ങമ്പുഴ മനസ്സിലാക്കിയത് ഏതു സന്ദർഭത്തിലാണ്?

13. പദശുദ്ധി, വാക്യശുദ്ധി എന്നീ ആശയങ്ങൾക്കൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

14. എസ്.കെ. പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

15. 'ഖജനാവിൽ ഇഷ്ടം പോലെ വാക്കുകളുണ്ടെന്ന് കരുതി തട്ടിക്കളിക്കരുത്' - ആരുടെ വാക്കുകൾ? സന്ദർഭം എഴുതുക.

16. ഉപന്യാസം എത്ര വിധത്തിലുണ്ട്? ഓരോന്നും വിശദീകരിക്കുക.

17. ഉത്തരാധുനികതയുടെ മുഖ്യദർശനങ്ങൾ എന്തെല്ലാമാണ്?

18. മലയാള ചെറുകഥയുടെ വികാസത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വഹിച്ച പങ്കെന്ത്?

19. കുമാരനാശാന്റെ കാവ്യങ്ങളിലെ സ്ത്രീ ഏതു വിധത്തിലാണെന്നും അവരെ വായനക്കാർ സമീപിക്കുന്നത് എങ്ങനെയാണെന്നുമാണ് മുണ്ടശ്ശേരി വിലയിരുത്തുന്നത്?

20. 'ഇന്നും ജന്മിത്തം അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ചുമലിൽ ഇരുന്ന് ഉറക്കം തൂങ്ങുകയാണ്' സന്ദർഭം എഴുതുക.

21. വിവർത്തനം എന്നാലെന്ത്?

22. 'ഞാൻ ചെലപ്പോ അച്ചനോട് പറേണതിന്റെ എടേല് ചിരിച്ചുപോവും.' എന്തു പറയുന്നതിനിടയിൽ? ഈ ചിരിയിലെ ധ്വനി എന്ത്?

23. മലയാള നോവലിന്റെ ചരിത്രം ചുരുക്കി പ്രതിപാദിക്കുക.



St. Xaviers College Library

24. 'ഇതാണ് ഭാരതീയ മനസ്സിന്റെ കീഴടങ്ങാത്ത സ്വഭാവം' - ഏത്?

25. വാക്കിന്റെ സ്ഥാനം തെറ്റിയാലുള്ള ശൈലീദോഷങ്ങൾ എന്തെല്ലാമാണ്?

26. 'എന്റെ ജീവിതദശയിൽ മനപ്പൂർവ്വം ഒരു നുണ പറഞ്ഞത് അന്നാദ്യമായിരുന്നു' എന്തായിരുന്നു ആ നുണ? നുണ പറയാനുണ്ടായ സാഹചര്യം എന്താണ്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. പൊതുധാരയിൽ നിന്ന് പാർശ്വവത്കരിക്കപ്പെട്ടു പോകുന്ന വാർദ്ധക്യത്തെ എങ്ങനെയാണ് ടി.വി. കൊച്ചുബാവ വൃദ്ധസദനം എന്ന നോവലിലൂടെ പരിചയപ്പെടുത്തുന്നതെന്ന് പരിശോധിക്കുക.

28. യജമാനന്റെ ഗൃഹത്തെ മരണം വരെ കാത്ത നായയെ ഹൃദയസ്പൃക്കായ രീതിയിൽ തകഴി വർണ്ണിക്കുന്നതെങ്ങനെ?

29. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള പ്രകടമായ വ്യത്യാസങ്ങൾ എന്തെല്ലാം?

30. എഴുത്തുകാരനെ സംബന്ധിച്ച് പാരമ്പര്യം എന്താണെന്ന് കെ.പി. അപ്പന്റെ അഭിപ്രായം.

31. 'ഇനി ആരാണ് കുട്ടികളെ കുളിപ്പിക്കുക? ആരാണ് അവർക്ക് പലഹാരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക? ആരാണ് ദീനം പിടിക്കുമ്പോൾ അവരെ ശുശ്രൂഷിക്കുക?' - സന്ദർഭവും സ്വാരസ്യവും എഴുതുക.

32. ഇ.വി. കൃഷ്ണപിള്ളയുടെയും സഞ്ജയന്റെയും ഉപന്യാസങ്ങളുടെ സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?

33. മലയാള നോവലിൽ ആധുനികതയുടെ കാലത്ത് സംഭവിച്ച പരിണാമങ്ങൾ പരിശോധിക്കുക.

34. പുരോഗമനസാഹിത്യപ്രസ്ഥാനം മലയാള ചെറുകഥയെ സ്വാധീനിച്ചതെങ്ങനെയാണ്?

35. 'അച്ഛന്റെ കീഴിൽ മുരടിച്ചു നിന്നിരുന്ന എന്റെ ഇച്ഛാശക്തി പാതാളക്കരപ്പരിസരത്തിലെ സ്വതന്ത്രവായു തട്ടി തൂമ്പെടുക്കാൻ തുടങ്ങി.' ആ സ്വതന്ത്രവായുവിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

36. പരിസ്ഥിതി മലിനീകരണമെന്ന പോലെ പരിസ്ഥിതി മൗലികവാദവും ഒരേസമയം പ്രകൃതി വിരുദ്ധവും മനുഷ്യവിരുദ്ധവുമായിത്തീരുന്നതെങ്ങനെയാണ്?



St. Xaviers College Library

37. പുതിയ കാലത്തെ ചെറുകഥകൾ ആഖ്യാനത്തിലും പ്രമേയത്തിലും വരുത്തിയിട്ടുള്ള വൈകാരികവും ഭാവാത്മകവും മനുഷ്യത്വപരവുമായ മാറ്റങ്ങളെന്തെല്ലാമാണ്?

38. പ്രധാനപ്പെട്ട ശൈലീദോഷങ്ങൾ എന്തെല്ലാമാണ്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ഉപന്യാസം എന്ന സാഹിത്യശാഖയുടെ പ്രത്യേകതളെയും ആ ശാഖയെ സമ്പുഷ്ടമാക്കിയ മലയാള എഴുത്തുകാരെയും നിരൂപണദൃഷ്ട്യാ വിലയിരുത്തുക.

40. മലയാളനോവലിൽ 'പരിസ്ഥിതി' എങ്ങനെയാണ് പരിചരിക്കപ്പെടുന്നതെന്ന് പരിശോധിക്കുക.

41. ആത്മകഥയുടെ പ്രത്യേകതകൾ വി.ടി. യുടെ കണ്ണീരും കിനാവും എന്ന ആത്മകഥയെ മുൻനിർത്തി കണ്ടെത്തുക.

42. ആധുനിക ചെറുകഥാകൃത്തുക്കളുടെ പാതയിൽ മാധവിക്കുട്ടിയുടെ കഥകൾ ഒറ്റപ്പെട്ടു നിൽക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

43. 'പരിസ്ഥിതി വാദത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ തികഞ്ഞ പരിസ്ഥിതിബോധം പുലർത്തുന്നതിൽ നമ്മുടെ കവിത മുമ്പിലായിരുന്നു.' ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

44. മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക.

Tacholi Othenan and Aromal Chekavar symbolises the Chivalrious characterisic of the medieval Kerala. The place names mentioned in the 'Puthuram Pattukal of Aromal Chekavar seems to be imaginary as those place names are not seen in the present day, whereas the place names and the family names mentioned in the 'Thacholi Pattukal' are real and are the same in the present day also. There is no reference about the hiring of fighters in the Thacholi Pattukal. In contrast to this the content of the Puthuram Pattukal is about the hiring of the fighters by somebody to find out a solution for their enmity.

Differences of opinion exist about the exact period of the Northern Ballads. We can assume that the society in which the Northern Ballads were produced roughly belong to the period between the fourteenth to the eighteenth century. It is not easy to calculate the exact chronology of the northern ballads as they are the oral traditions of a society passed on by one generation to the next generation. Each generation would contribute their own imaginations and the social consciousness. The Northern Ballads actually exhibit the attitude of the society towards history. They follow the system of telling one story from the beginning to the end.

**(2 × 15 = 30 Marks)**

---